**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2020-21 – റ്റി.എസ്.പി ഫണ്ട് - ഇടമലക്കുടി ഗ്രാമ പഞ്ചായത്തിന് 2019 -20 വാർഷിക പദ്ധതിയിലെ ലൈഫ് ഭവന പദ്ധതിയുടെ കുടിശ്ശികയായ ബിൽ മാറുന്നതിന് അധിക ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം..1080/2020/ധന. തീയതി, തിരുവനന്തപുരം, 08 ഫെബ്രുവരി 2021

പരാമർശം: (1) ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10/10/2020 ലെ കത്ത്.
(2) സ.ഉ.(സാധാ)നം.528/2021/ധന തീയതി 22/01/2021

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമ പഞ്ചായത്തിലെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ലൈഫ് ഭവന പദ്ധതിയുടെ 14,54,000/- രൂപയുടെ ബിൽ 2020 ഫെബ്രുവരിയിൽ ട്രഷറിയിൽ സമർപ്പിക്കുകയും കുടിശ്ശികയാവുകയും തുടർന്ന് 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും ചെയ്തെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ഗുണഭോക്താവിന് നൽകാൻ സാധിക്കുന്നില്ലായെന്നും ടി തുക അടിയന്തരമായി അനുവദിക്കണമെന്നും ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ടി തുക പരാമർശം (2) ലെ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി ബന്ധപ്പെട്ട ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരളത്തിലെ ഏക ഗോത്ര വർഗ പഞ്ചായത്തായ ഇടമലക്കുടി ഗ്രാമ പഞ്ചായത്തിന് (G060209) 2019 -20 വാർഷിക പദ്ധതിയിലെ ലൈഫ് ഭവന പദ്ധതിയുടെ കുടിശ്ശികയായ ബിൽ മാറുന്നതിന് വികസന ഫണ്ടിലെ റ്റി.എസ്.പി വിഹിതമായി '3604-00-200-86-(15)-35' എന്ന ശീർഷകത്തിൽ 14,54,000/- (പതിനാല് ലക്ഷത്തി അൻപത്തി നാലായിരം രൂപ മാത്രം) അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ.ഒ.ബി**
**ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി ഇടമലക്കുടി ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E-1651222)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ